ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ളവയുടെ ബാർ ലൈസൻസുകൾ റദ്ദു ചെയ്യുന്നതിനും എഫ്.എൽ.1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10 ശതമാനം കുറയ്ക്കുന്നതിനും സർക്കാർ തീരുമാനമെടുത്ത് നടപ്പിൽ വരുത്തിയിട്ടുള്ളത്.

ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവിൽ നിയന്ത്രണം വരുത്തി നിയമവിധേയമായ മാർഗ്ഗങ്ങളിലൂടെ കൂടുതൽ മദ്യം കൈവശം വച്ച് കൈകാര്യം ചെയ്യാതിരിക്കാൻ വേണ്ടി കൈവശം വയ്ക്കാവുന്ന വിവിധയിനം (ബിയർ, വൈൻ, ഉൾപ്പെടെ) മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറയ്ക്കുകയും സൂര്യോദയം മുതൽ അർദ്ധരാത്രി വരെ പ്രവർത്തിച്ചു വന്നിരുന്ന ബാർ ഹോട്ടലുകളുടെയും, ബിയർ/വൈൻ പാർലറുകളുടെയും പ്രവർത്തന സമയം $5^1/_2$ മണിക്കൂർ കുറയ്ക്കുകയും ചെയ്തു. യുവാക്കൾക്കിടയിലുള്ള മദ്യപാനാസക്തി നിയന്ത്രിക്കുന്നതിനായി മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18-ൽ നിന്നും 21 ആയി ഉയർത്തുകയുണ്ടായി.

യുവജനങ്ങൾക്കിടയിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ ദു:ഖവെള്ളിയാഴ്ചയും, അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനവും ഡ്രൈഡേകളായി പ്രഖ്യാപിച്ചിട്ടുമുണ്ട്.

(സി) ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ അതത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലാണ് നടപ്പിലാക്കി വരുന്നത്. ഈ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപനം നിർവ്വഹിക്കുന്നതിനായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക ബോധവൽക്കരണ വിഭാഗം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. 2030 ആകുമ്പോഴേക്കും ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് 2014-15-ലെ അബ്കാരി പോളിസിയിൽ വിഭാവനം ചെയ്തിട്ടുള്ള 'പുനർജനി 2030 പദ്ധതി' നടപ്പിലാക്കുന്നതിന്റെ ഭാഗമായി 25-9-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 171/15/നി.വ. പ്രകാരം 'സുബോധം' പദ്ധതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കട്ടനാട്ടിലെ എക്സൈസ് വകുപ്പിന് സ്പീഡ് ബോട്ട്

170 (178) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കട്ടനാട്ടിലെ എക്സൈസ് വകുപ്പിന് സ്പീഡ് ബോട്ട് അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൻ മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കായൽ പ്രദേശങ്ങളിലെ അനധികൃത മദ്യ നിർമ്മാണവും കച്ചവടവും തടയുന്നതിനായി പ്രസ്തുത സ്പീഡ് ബോട്ട് അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കായൽ പ്രദേശങ്ങളിലെ അനധികൃത മദ്യ നിർമ്മാണവും കച്ചവടവും തടയുന്നതിനായി കുട്ടനാട് എക്സൈസ് റേഞ്ച് ഓഫീസിലേക്ക് ഒരു സ്റ്റീൽ ബോട്ട് അനുവദിക്കണമെന്ന എക്സൈസ് കമ്മീഷണറുടെ ആവശ്യത്തിന്മേൽ 18-5-2010-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 441/10/നി.വ. പ്രകാരം ഒരു സ്റ്റീൽ ബോട്ട് വാങ്ങുന്നതിന് അനുമതി നൽകുകയും മേൽ ബോട്ടിന്റെ പണി പൂർത്തിയായി 2014-ൽ എക്സൈസ് വകുപ്പിന് ലഭിക്കുകയുണ്ടായി. എന്നാൽ മേൽ സ്റ്റീൽ ബോട്ട് കുട്ടനാട് പ്രദേശത്തിന് അനുയോജ്യമല്ലെന്നും ആയതിനാൽ സ്റ്റീൽ ബോട്ടിന് പകരമായി ഒരു സ്പീഡ് ബോട്ട് അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഒരു പ്രൊപ്രോസൽ എക്സൈസ് കമ്മീഷണറിൽനിന്നും 26-11-2015-ന് ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

കൊട്ടാരക്കരയിലെ എക്സൈസ് കോംപ്ലക്സ് നിർമ്മാണം

171 (179) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കരയിൽ എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചത് എന്നായിരുന്നു എന്നും എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണം നടക്കാതിരുന്നതിന്റെ കാരണങ്ങൾ എന്താണെന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിർമ്മാണം നടക്കേണ്ട സ്ഥലം സംബന്ധിച്ച് നിലവിൽ സിവിൽ/ ക്രിമിനൽ കേസുകൾ നിലവിലുണ്ടോ ; എങ്കിൽ ആയവയുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കൊട്ടാരക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിന് 2009-10 വർഷം 209 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(ബി) കേരള ക്ഷേത്ര സംരക്ഷണ സമിതിയുടെ പേരിൽ ടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം തടസ്സപ്പെടുത്തുകയും ആയതിനെ തുടർന്ന് കരാറുകാരൻ നിർമ്മാണ പ്രവർത്തിക്കുള്ള കരാർ റദ്ദാക്കുന്നതിന് ആവശ്യപ്പെട്ടതനുസരിച്ച് പൊതുമരാമത്ത് വകുപ്പ് അധികാരികൾ ടി നിർമ്മാണ കരാർ റദ്ദ് ചെയ്യുകയും തുടർന്ന്

LIBRARY ARCHIVES Kerala Legislative Assembly